**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - എൻ.എഫ്.ഡബ്ല്യൂ.എഫ് (2000-2001) ഭവന പദ്ധതി - ഭവന നിർമ്മാണം - ശ്രീ. മാമുക്കോയ, S/oസീമാൻക്കുഞ്ഞി, മാറാട്-ന് ആധാരം തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.158/2019/മ.ഉ.വ** തീയതി,തിരുവനന്തപുരം, 23/02/2019

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 04.02.2019ലെ എൻ.1 /8898/2018 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എൻ.എഫ്.ഡബ്ല്യൂ.എഫ് (2000-2001) ഭവന പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ ഗുണഭോക്താവായ ശ്രീ. മാമുക്കോയ, S/o സീമാൻക്കുഞ്ഞി, കല്ലുവെച്ച വീട്, മാറാട് എന്നയാൾ ഭവന നിർമ്മാണ ധനസഹായത്തിന്റെ ആദ്യ ഗഡുവായി കൈപറ്റിയ 7000/- രൂപയ്ക്ക് 18% നിരക്കിൽ 2018 നവംബർ മാസം വരെ 23,365/- രൂപ പലിശയിനത്തിൽ അടവാക്കേണ്ടതുണ്ട്. എന്നാൽ ടിയാന്റെ ആരോഗ്യ സ്ഥിതി വളരെ മോശമായതിനാലും ജോലിക്ക് പോകാൻ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ സാമ്പത്തികമായി വിഷമത്തിലാണെന്നും ആയതിനാൽ 7000/- രൂപ പലിശ ഒഴിവാക്കി തിരിച്ചടയ്ക്കുന്നതിനും അപേക്ഷകന്റെ സ്ഥലത്തിന്റെ ആധാരം തിരികെ നൽകുന്നതിനും അനുമതി നൽകണമെന്ന് പരാമർശം ( 1 ) പ്രകാരം ഫിഷറീസ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മാമുക്കോയയുടെ ആരോഗ്യ സ്ഥിതിയും സാമ്പത്തിക പരാധീനതയും കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ടിയാൻ ഭവനനിർമ്മാണധനസഹായമായി കൈപ്പറ്റിയ 7000/- രൂപ (രൂപ ഏഴായിരം മാത്രം) പലിശ ഒഴിവാക്കി തിരിച്ചടയ്ക്കുന്നതിനും അപേക്ഷകന്റെ സ്ഥലത്തിന്റെ ആധാരം തിരികെ നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ